## സേവനാന്ത്യ ആനുകൂല്യം (EOSB) കണക്കുകൂട്ടൽ

ഞങ്ങളുടെ അംഗ കമ്പനികൾ ഉൾപ്പെടെ യുഎഇയിലുടനീളമുള്ള ജീവനക്കാർക്കും തൊഴിലുടമകൾക്കും ഒരു പ്രധാന എംപ്ലോയ്മെന്റ് പ്രശ്നമാണ് സേവനാന്ത്യ ആനുകൂല്യം (**EOSB**) കണക്കുകൂട്ടൽ. പരിമിതകാല എംപ്ലോയ്മെന്റ് കരാർ അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ നിങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി DMCC ഇനിപ്പറയുന്ന ഉദാഹരണ കണക്കുകൂട്ടലുകൾ തയ്യാറാക്കിയിട്ടുണ്ട്. 2021–ലെ **യുഎഇ തൊഴിൽ നിയമത്തിന്റെ**) ഫെഡറൽ നിയമ നമ്പർ 33-ന്റെ വകുപ്പുകൾ അടിസ്ഥാനമാക്കിയുള്ളതാണ് താഴെ നൽകിയിരിക്കുന്ന സാമ്പിളുകളെങ്കിലും, EOSB അവകാശം കണക്കാക്കുന്നതിന് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ഫോർമുല ഇല്ല; അതിനാൽ, ബാധകമായ നിയമത്തിന്റെ DMCC-യുടെ വ്യാഖ്യാനമാണിത്. ഒരു ജീവനക്കാരനും തൊഴിലുടമയും തമ്മിൽ തർക്കമുണ്ടായാൽ, ലേബർ കോടതി പോലുള്ള ഒരു തർക്ക പരിഹാര ഫോറം പ്രസക്തമായ വ്യവസ്ഥകൾ വ്യത്യസ്തമായി വ്യാഖ്യാനിച്ചേക്കാം. താഴെ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശവുമായി ബന്ധപ്പെട്ട് അംഗ കമ്പനികൾക്ക് ഉണ്ടായേക്കാവുന്ന ഏതെങ്കിലും പ്രത്യേക ചോദ്യങ്ങളുമായി ബന്ധപ്പെട്ട് സ്വതന്ത്രമായ നിയമോപദേശം തേടാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു.

EOSB അവകാശം വിലയിരുത്തുമ്പോൾ ചില പ്രത്യേക കേസുകളിൽ കോടതികൾ കമ്മീഷനും ബോണസും പരിഗണിക്കുന്ന സംഭവങ്ങളെക്കുറിച്ച് DMCC-ക്ക് ബോധ്യമുണ്ട്. പ്രത്യേക സാഹചര്യങ്ങൾ വ്യത്യാസപ്പെടാം, DMCC-ക്ക് ഇക്കാര്യത്തിൽ ഉപദേശം നൽകാൻ കഴിയില്ല.

### DMCC-യുടെ എംപ്ലോയ്മെന്റ് മീഡിയേഷൻ സേവനങ്ങൾ

അംഗ കമ്പനികൾക്കും അവരുടെ ജീവനക്കാർക്കും അവരുടെ തൊഴിൽ സംബന്ധമായ കാര്യങ്ങളിൽ DMCC മീഡിയേഷൻസേവനങ്ങൾ നൽകിവരുന്നു. തൊഴിലുടമയ്ക്ക്/ജീവനക്കാരന് കമ്പനിക്കുള്ളിൽ വച്ച് പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങൾ പരിഹരിക്കാൻ DMCC-യുടെ പരിശീലനം ലഭിച്ച ഓഫീസർമാരുടെയും മീഡിയേറ്റർമാരുടെയും സേവനം അപ്പോയിന്റ്മെന്റ് വഴി ലഭ്യമാണ്.

മീഡിയേഷൻ എന്നത് പ്രശ്നപരിഹാര ചർച്ചകൾക്ക് ഒരു നിഷ്പക്ഷ മൂന്നാം കക്ഷി നേതൃത്വം നൽകുകയും എന്നാൽ തർക്കത്തിലുള്ള പ്രശ്നത്തെ കുറിച്ച് വിധി പ്രസ്താവം നടത്തുകയോ ചെയ്യാത്ത രഹസ്യ പ്രക്രിയയാണ്.. ഒരു മീഡിയേറ്റർ മീറ്റിംഗുകൾ നടത്തുന്നു, പ്രശ്നങ്ങൾ നിർവചിക്കുന്നു, വികാരവിക്ഷോഭങ്ങൾ ശമിപ്പിക്കുന്നു, ഒരു തർക്കം പരിഹരിക്കുന്നതിനുള്ള സാധ്യമായ വഴികൾ നിർദ്ദേശിക്കുന്നു. ഇത് ഒരു നോൺ-ബൈൻഡിംഗ് പ്രക്രിയയാണ്, കക്ഷികൾ അന്തിമമായി ഒരു യോജിപ്പിലെത്തുക എന്നതാണ് ലക്ഷ്യം. കക്ഷികളെ കൂടിയാലോചനകളിലൂടെ ഒത്തുതീർപ്പിലെത്താൻ മീഡിയേറ്റർ സഹായിക്കും.

DMCC-യുടെ എംപ്ലോയ്മെന്റ് മീഡിയേഷൻ സേവനത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിന് ദയവായി ഇവിടെ ക്ലിക്ക് ചെയ്യുക.

**നിരാകരണം:** *ഈ ഡോക്യുമെന്റിൽ നൽകിയിരിക്കുന്ന വിവരങ്ങളും മെറ്റീരിയലുകളും പൊതുവായ വിവരങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും ഉദ്ദേശ്യങ്ങൾക്ക് മാത്രമുള്ളതാണ്, അവ നിയമപരമോ മറ്റ് പ്രൊഫഷണൽ ഉപദേശമോ രൂപപ്പെടുത്തുന്നതിനായി അടിസ്ഥാനമാക്കേണ്ടതല്ല. തൊഴിൽ സംബന്ധമായ വിഷയവുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് നിയമോപദേശം ആവശ്യമുണ്ടെങ്കിൽ, നിങ്ങൾ വിദഗ്ധരിൽ നിന്നുള്ളതും സ്വതന്ത്രവുമായ നിയമോപദേശം നേടണമെന്ന് DMCC ശുപാർശ ചെയ്യുന്നു. DMCC അതിന്റെ വെബ്സൈറ്റിലെ എല്ലാ വിവരങ്ങളും അപ്ഡേറ്റ് ചെയ്യാൻ ന്യായമായ ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും, വിവരങ്ങളും ഉള്ളടക്കവും കൃത്യവും പൂർണ്ണവും കാലികവുമാണെന്ന് പ്രത്യക്ഷമോ പരോക്ഷമോ ആയ പ്രാതിനിധ്യങ്ങളോ വാറന്റികളോ ഉറപ്പുകളോ ഞങ്ങൾ നൽകുന്നില്ല.*

## കണക്കുകൂട്ടലിനുള്ള ഫോർമുല

**ഒരു മുഴുവൻ സമയ ജീവനക്കാരന്റെ EOSB കണക്കാക്കുന്നതിനുള്ള അടിസ്ഥാന സൂത്രവാക്യം ഇപ്രകാരമാണ്:**

- **ആദ്യത്തെ 5 വർഷത്തെ സേവനത്തിന് ഓരോ വർഷവും 21 ദിവസത്തെ അടിസ്ഥാന ശമ്പളം; ഒപ്പം**
- **അതിനുശേഷം ഓരോ വർഷവും 30 ദിവസത്തെ അടിസ്ഥാന ശമ്പളം.**

**ഈ അടിസ്ഥാന സൂത്രവാക്യം ഇപ്പോൾ ജീവനക്കാരൻ ജോലിയിൽ നിന്ന് പുറത്തുപോകുന്നതിന്റെ സാഹചര്യങ്ങൾ (യുഎഇ തൊഴിൽ നിയമത്തിന്റെ ആർട്ടിക്കിൾ 44 പ്രകാരം ഒരു ജീവനക്കാരൻ രാജിവെക്കുന്നതും/അല്ലെങ്കിൽ പിരിച്ചുവിടുന്നതുമായ സാഹചര്യങ്ങൾ ഉൾപ്പെടെ) പരിഗണിക്കാതെ തന്നെ ബാധകമാണ്.**

**മുഴുവൻ സമയ അടിസ്ഥാനത്തിൽ ജോലി ചെയ്യാത്ത ജീവനക്കാർക്ക് (ഉദാഹരണത്തിന്, പാർട്ട് ടൈം അല്ലെങ്കിൽ ജോലി പങ്കിടൽജീവനക്കാർക്ക്) ഒരു ഇതര ഫോർമുല ബാധകമാണ്:**

- **മുകളിൽ പറഞ്ഞിരിക്കുന്ന അടിസ്ഥാന ഫോർമുല ഉപയോഗിച്ച് EOSB കണക്കാക്കണം. ഇത് "മുഴുവൻ സമയ EOSB"** കണക്ക് സൃഷ്ടിക്കുന്നു.

- **ജീവനക്കാരന്റെ കരാറിൽ വ്യക്തമാക്കിയിട്ടുള്ള വാർഷിക ജോലി മണിക്കൂറുകളുടെ എണ്ണത്തെ, മുഴുവൻ സമയ കരാറിലെ വാർഷിക ജോലി മണിക്കൂറുകളുടെ എണ്ണം x 100 കൊണ്ട് ഹരിക്കണം. ഇത് ഒരു അനുപാതം ("അനുപാതം")** സൃഷ്ടിക്കും.

- **EOSB ആനുകൂല്യം ലഭിക്കുന്നതിന് മുഴുവൻ സമയ EOSB-യെ അനുപാതം കൊണ്ട് ഗുണിക്കണം.**

## ശ്രദ്ധിക്കേണ്ട പോയിന്റുകൾ

ഇനിപ്പറയുന്ന പേജുകളിലെ EOSB കണക്കുകൂട്ടലുകൾക്ക് ഇനിപ്പറയുന്ന അനുമാനങ്ങൾ ബാധകമാണ്:

- കാണിച്ചിരിക്കുന്ന എല്ലാ കണക്കുകളും AED-യിലാണ്.
- താഴെ നൽകിയിരിക്കുന്ന ഉദാഹരണങ്ങളിൽ, ജീവനക്കാരന്റെ അവസാന അടിസ്ഥാന ശമ്പളം പ്രതിമാസം AED 10,000/- ആണ്.

- EOSB-ക്ക് അർഹത നേടുന്നതിന്, എംപ്ലോയ്മെന്റ് കരാർ അവസാനിക്കുന്ന തീയതിയിൽ ഒരു ജീവനക്കാരൻ കുറഞ്ഞത് 12 മാസത്തെ സേവനമെങ്കിലും പൂർത്തിയാക്കിയിരിക്കണം.
- ഒരു ജീവനക്കാരന്റെ EOSB, ജോലി ചെയ്ത വർഷങ്ങൾക്ക് ആനുപാതികമായി കണക്കാക്കണം.
- മൊത്തം ഗ്രാറ്റുവിറ്റി, രണ്ട് വർഷത്തെ മൊത്തം ശമ്പളത്തിൽ കവിയില്ല.
- ഒരു ജീവനക്കാരന്റെ സേവന കാലയളവ് കണക്കാക്കുമ്പോൾ ശമ്പളമില്ലാത്ത അവധിയുടെ കാലയളവുകൾ ഉൾപ്പെടുത്തില്ല.

ഉദാഹരണ കണക്കുകൂട്ടൽ - ഫുൾ ടൈം ജീവനക്കാരൻ

| **എംപ്ലോയ്മെന്റ് കാലയളവ്** | **A -** അവസാനത്തെ അടിസ്ഥാന പ്രതിദിന ശമ്പളം | **E -** വാർഷിക സേവനാന്ത്യ ആനുകൂല്യം **(AEOSB)** | **X -** അന്തിമ തുക |
|---|---|---|---|
| | **B -** അടിസ്ഥാന മാസ ശമ്പളം<br>ഗുണിതം<br>**C -** വർഷത്തിലെ മാസങ്ങൾ<br>ഗുണിതം<br>**D -** വർഷത്തിലെ ദിവസങ്ങൾ | **F -** ഡ്യൂ ആയ ദിവസങ്ങൾ<br>ഗുണിതം<br>**A** – അവസാനത്തെ അടിസ്ഥാന പ്രതിദിന ശമ്പളം | **E** - AEOSB<br>ഗുണിതം<br>**Z** - ജോലി ചെയ്ത കാലയളവ് |
| | **A = [B]*[C]/[D]** | **E = [F]*[A]** | **X = [E]*[Z]** |
| 1 വർഷത്തിൽ കൂടുതൽ, എന്നാൽ 5 വർഷത്തിൽ താഴെ (ഉദാഹരണത്തിന്, 4 വർഷം + 3 മാസം അല്ലെങ്കിൽ 4.25 വർഷം) | = [10,000]*[12]/[365]<br>= **328.77** | = [21]*[328.77]<br>= **6,904.17** | = [6904.17]*[4.25]<br>= **29,342.72** |
| 5 വർഷത്തിൽ കൂടുതൽ (ഉദാഹരണത്തിന്, 7 വർഷം) | = [10,000]*[12]/[365]<br>= **328.77** | = [21]*[328.77]<br>= **6,904.17** | = [6,904.17]*[5]<br>= **34,520.85**<br>*plus* |
| | | =[30]*[328.77]<br>= **9,863.10** | = [9,863.10]*[2]<br>= **19,726.20** |
| | | | **= 54,247.05** |

## ഉദാഹരണ കണക്കുകൂട്ടൽ - പാർട്ട് ടൈം ജീവനക്കാരൻ

ജീവനക്കാരൻ ജോലി ചെയ്യുന്നത് മുഴുവൻ സമയ മണിക്കൂറിൽ കുറവാണെങ്കിൽ, കണക്കുകൂട്ടൽ ഇനിപ്പറയുന്ന രീതിയിൽ ക്രമീകരിക്കേണ്ടതുണ്ട്.

ഞങ്ങൾ ഇങ്ങനെയാണത് അനുമാനിക്കുന്നത്:

- 54,247.05 ആയിരിക്കും ജീവനക്കാരന്റെ മുഴുവൻ സമയ EOSB.
- മുഴുവൻ സമയ ജീവനക്കാർ പ്രതിവർഷം 10,400 മണിക്കൂർ ജോലി ചെയ്യുന്നു.
- ഈ ജീവനക്കാരൻ പ്രതിവർഷം 7,800 മണിക്കൂർ ജോലി ചെയ്യുന്നു.

7,800 / 10,400 x 100 = 75

54,247.05 x 75% = 40,685.29

കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളെ ബന്ധപ്പെടുക:

**DMCC ഫ്രീ സോൺ**
http://www.dmcc.ae/helpcentre
**വെബ്സൈറ്റ്**dmcc.ae

DMCC

**നിരാകരണം:** *ഈ ഡോക്യുമെന്റിൽ നൽകിയിരിക്കുന്ന വിവരങ്ങളും മെറ്റീരിയലുകളും പൊതുവായ വിവരങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും ഉദ്ദേശ്യങ്ങൾക്ക് മാത്രമുള്ളതാണ്, അവ നിയമപരമോ മറ്റ് പ്രൊഫഷണൽ ഉപദേശമോ രൂപപ്പെടുത്തുന്നതിനായി അടിസ്ഥാനമാക്കേണ്ടതല്ല. ഏതെങ്കിലും തൊഴിൽ സംബന്ധമായ വിഷയവുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് നിയമോപദേശം ആവശ്യമുണ്ടെങ്കിൽ, നിങ്ങൾ വിദഗ്ധരിൽ നിന്നുള്ളതും സ്വതന്ത്രവുമായ നിയമോപദേശം നേടണമെന്ന് DMCC ശുപാർശ ചെയ്യുന്നു. DMCC അതിന്റെ വെബ്സൈറ്റിലെ എല്ലാ വിവരങ്ങളും അപ്ഡേറ്റ് ചെയ്യാൻ ന്യായമായ ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും, വിവരങ്ങളും ഉള്ളടക്കവും കൃത്യവും പൂർണ്ണവും കാലികവുമാണെന്ന് പ്രത്യക്ഷമോ പരോക്ഷമോ ആയ പ്രാതിനിധ്യങ്ങളോ വാറന്റികളോ ഉറപ്പുകളോ ഞങ്ങൾ നൽകുന്നില്ല.*